പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2527 9/3/2017 ൽ മറുപടിക്ക്

**മൃഗസംരക്ഷണം കാര്യക്ഷമമാക്കാൻ പുതിയ പദ്ധതികൾ**

ചോദ്യം

ശ്രീ.തോമസ് ചാണ്ടി:

മറുപടി

അഡ്വ .കെ.രാജു
(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).

| | | | |
|---|---|---|---|
| എ) | മൃഗസംരക്ഷണം കൂടുതൽ കാര്യക്ഷമമായി പ്രാവർത്തികമാക്കുന്നതിന് എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പാക്കുന്നത്; | എ) | കറവ യന്ത്രം സ്ഥാപിക്കുന്നതിന് വേണ്ടി 25,000/- രൂപയുടെ ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ട്. 2017-18 ൽ കന്നുകാലി ഇൻഷ്വറൻസിനു വേണ്ടി "ഗോ സമൃദ്ധി" പദ്ധതി നടപ്പിലാക്കുന്നതിനായി 5 കോടി രൂപ 2017-18 ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.<br>ക്ഷീരവികസന വകുപ്പ് മുഖേന 2017-18 വർഷം സംസ്ഥാനത്തെ തെരഞ്ഞെടുത്ത 50 ബ്ലോക്കുകളെ ഡയറി സോണായി പരിഗണിച്ചും 5 ഗ്രാമപഞ്ചായത്തുകളെ ക്ഷീരഗ്രാമമായി തെരഞ്ഞെടുത്തും സമഗ്ര ക്ഷീരവികസന പദ്ധതി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>ബാങ്ക് വായ്പ എടുത്ത് വാങ്ങിയ പശുക്കൾ ചത്തുപോയത് മൂലമോ ഉൽപ്പാദനം കുറഞ്ഞത് മൂലമോ വായ്പ തിരിച്ചടക്കാനാവാതെ കടക്കെണിയിലായ ക്ഷീരകർഷകരെ സഹായിക്കുന്നതിനായി 5 കോടി രൂപയുടെ കടാശ്വാസ പദ്ധതി നടപ്പിലാക്കുന്നു.<br>സർക്കാർ - പൊതുമേഖല - സ്വകാര്യ മേഖലയിൽ തരിശായി കിടക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി തീറ്റപ്പുൽകൃഷി വാണിജ്യാടിസ്ഥാനത്തിൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| ബി) | കുട്ടനാട്ടിൽ ക്ഷീര കർഷകർക്കും താറാവ് കർഷകർക്കും കൂടുതൽ ആനുകൂല്യങ്ങൾ നല്കാൻ നടപടി സ്വീകരിക്കുമോ? | ബി) | ഇക്കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ